**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2356** **12-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ നിർവ്വഹണ ഏജൻസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.മാരുടെ ആസ്തി വികസന-പ്രാദേശിക വികസന ഫണ്ട് പദ്ധതി പ്രകാരം സർക്കാർ നിർവ്വഹണ ഏജൻസിയായി അംഗീകരിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഇതര ഏജൻസികൾ, എൻ.ജി.ഒ. കൾ എന്നിവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | എം.എൽ.എ മാരുടെ ആസ്തി വികസന- പ്രാദേശിക വികസന ഫണ്ട് പദ്ധതി നിർവ്വഹണത്തിനായി പ്രത്യേകം ഒരു അക്രെഡിറ്റഡ് ഏജൻസിയെ നിശ്ചയിച്ച ഉത്തരവിറക്കിയിട്ടില്ല. എന്നാൽ പൊതു ഖജനാവിൽ നിന്ന് പണം ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്യുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് (PWD, Irrigation, LSGD, Harbour)പുറമെ 04/07/2019 ലെ സ.ഉ(അച്ചടി) നം.77/2019/ധന പ്രകാരം സർക്കാർ നിർവ്വഹണ ഏജൻസിയായി വിവിധ പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങളെയും സർക്കാർ ഇതര ഏജൻസികളെയും തെരഞ്ഞെടുക്കാവുന്നതാണ്. |
| (ബി) | ഓരോ സ്ഥാപനത്തിനും ഏറ്റെടുക്കാൻ അനുവാദം നൽകിയിട്ടുള്ള പ്രവർത്തികളുടെ സ്വഭാവം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ; ആണെങ്കിൽ വിശദീകരിയ്ക്കാമോ; | (ബി) | 04/07/2019 ലെ സ.ഉ(അച്ചടി)നം.77/2019/ധന പ്രകാരം ഓരോ അക്രെഡിറ്റഡ് ഏജൻസിയ്ക്കും ഏറ്റെടുക്കുവാൻ കഴിയുന്ന 'Maximum value of Single Work, Maximum work in hand at a time, Area of Accreditation' എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | ടി പദ്ധതികൾ പ്രകാരം ഹൈമാസ്റ്റ് ലൈറ്റുകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുവാദമുള്ള പൊതുമേഖല സ്ഥാപനങ്ങൾ/ സർക്കാർ ഏജൻസികൾ/എൻ.ജി.ഒ. കൾ എന്നിവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ